## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 45      11.12.2012-ൽ മറുപടിയ്ക്ക്

### വാണിജ്യ ചെക്ക് പോസ്റ്റുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.പാലോട് രവി<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.റ്റി.ബൽറാം | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വാണിജ്യ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) | സംസ്ഥാനത്ത് നിലവിൽ സി.സി.ടി.വി. സംവിധാനം അമരവിള ചെക്ക്പോസ്റ്റിൽ നടപ്പിലാക്കി യിട്ടുണ്ട്. ഇതേ സംവിധാനം മറ്റു പ്രധാന ചെക്ക്പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>അമരവിള ചെക്ക്പോസ്റ്റ് സംയോജിത ചെക്ക് പോസ്റ്റായി പരിവർത്തനം ചെയ്തു. മറ്റു പ്രധാന ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റ് ആക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിലേക്കുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിലേക്കായി വ്യാപാരികൾക്ക് ട്രാൻസാക്ഷൻ ഡീറ്റെയിൽ ഓൺലൈനായി എവിടെനിന്നും സമർപ്പിക്കുമ്പോൾ ഇ-ടോക്കൺ ലഭിക്കുന്നതാണ്. ഇത് ചെക്ക്പോസ്റ്റിൽ കാണിച്ച് വേഗത്തിൽ ക്ലിയറൻസ് നേടാവുന്നതാണ്. ഇ-ടോക്കൺ എടുക്കുമ്പോൾ വ്യാപാരിക്ക് എസ്.എം.എസ്. അലർട്ട് നൽകുന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എത്ര ചെക്ക് പോസ്റ്റുകളിൽ ഓൺലൈൻ സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) | സംസ്ഥാനത്തുള്ള 74 ചെക്ക്പോസ്റ്റുകളിൽ പ്രധാനപ്പെട്ട 34 എണ്ണത്തിൽ ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കി യിട്ടുണ്ട്. ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കിയ ചെക്ക്പോസ്റ്റുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.<br>(..........2) |

| | | | |
|---|---|---|---|
| (സി) | ഇ-ഡിക്ലറേഷൻ പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ; | (സി) | ചെക്ക്പോസ്റ്റ് വഴി വരുന്ന എല്ലാ ചരക്കുകളും ഇ-ഡിക്ലറേഷൻവഴി ഡിക്ലയർ ചെയ്യാവുന്നതാണ്. ഓൺലൈൻ ചെക്ക്പോസ്റ്റുകൾ വഴിയാണെങ്കിൽ തത്സമയം തന്നെ അപ്രൂവ് ചെയ്യാൻ കഴിയും. ഓഫ്ലൈൻ ചെക്ക്പോസ്റ്റുവഴി യാണെങ്കിൽ ഓഫീസർക്ക് മറ്റ് രേഖകൾ പരിശോധിച്ചതിനുശേഷം വാഹനം ക്ലിയർ ചെയ്യാവുന്നതും ടോക്കൺ പിന്നീട് ഓൺലൈൻ സൗകര്യമുള്ള ഓഫീസിൽനിന്ന് അപ്രൂവ് ചെയ്യാവുന്നതുമാണ്. |
| (ഡി) | എല്ലാ ചെക്ക് പോസ്റ്റുകളിലും സി.സി.റ്റി.വി. സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | സി.സി.ടി.വി. യിലൂടെയുള്ള നിരീക്ഷണ സമ്പ്രദായം ഒരു മാതൃകാപദ്ധതിയായി അമരവിള ചെക്ക്പോസ്റ്റിൽ സ്ഥാപിക്കുകയുണ്ടായി. വാളയാറിൽ നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് മറ്റു ചെക്ക്പോസ്റ്റുകളിലും സി.സി.റ്റി.വി. സംവിധാനം ഘട്ടം ഘട്ടമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

B.V. Kumar

സെക്ഷൻ ഓഫീസർ

ONLINE ENTRY CHECKPOST

&

E-Declaration Check post

| Sl.No | Name of Check Post | District |
|---|---|---|
| 1 | Amaravila | Tvpm |
| 2 | Aryankavu | Kollam |
| 3 | Kumily | Idukki |
| 4 | Walayar | Palakkad |
| 5 | Govindapuram | Palakkad |
| 6 | Meenakshipuram | Palakkad |
| 7 | Gopalapuram | Palakkad |
| 8 | Nadupunni | Palakkad |
| 9 | Velanthavalam at Kozhipara | Palakkad |
| 10 | Vazhikadavu | Malapuram |
| 11 | Feroke (Internal) | Kozhikode |
| 12 | Muthunga | Wayanad |
| 13 | Koottupuzha | Kannur |
| 14 | Bengra Mengeshwar | Kasargode |
| 15 | Uchakkada | Tvpm |
| 16 | Chemmanampathy | Palakkad |
| 17 | Athikode | Palakkad |
| 18 | Kannimari | Palakkad |
| 19 | Menonpara | Palakkad |
| 20 | Cumbemmettu | Idukki |
| 21 | Bodimettu | Idukki |
| 22 | Perala | Kasargode |
| 23 | Adhur | Kasargode |
| 24 | Kanchanpazhanji (Mavalikadavu) | Tvpm |
| 25 | Kallikkad | Tvpm |
| 26 | Palakadavu | Tvpm |
| 27 | Pirayinmoodu | Tvpm |
| 28 | Perumpazhuthur | Tvpm |
| 29 | Mandapathinkadavu | Tvpm |
| 30 | Beyar | Kasargode |
| 31 | Anamooly | Palakkad |
| 32 | Valara | Palakkad |
| 33 | Kuppanadagoundannur at Ozhalap | Palakkad |
| 34 | Azhiyur Chunngam at Kunhipally | Kozhikode |

B.V. Kumar

Section officer